കലാകൗമുദി 1984 ഫെബ്രുവരി 5

**മധുനായർ**

# പൊരുത്തപ്പെടാത്ത ദാമ്പത്യം

കല്യാണം സായിപ്പിന് കളിയാണ് പലപ്പോഴും. വസ്ത്രം മാറുന്ന ലാഘവത്തോടെതന്നെ ഭാര്യ ഭർത്താവിനേയോ ഭർത്താവ് ഭാര്യയേയോ ഉപേക്ഷിച്ചെന്നിരിക്കും. മിക്കപ്പോഴും വിവാഹത്തിനും വിവാഹമോചനത്തിനും ലൈംഗികതയായിരിക്കണമെന്നില്ല മുഖ്യ കാരണം. എൺപതും തൊണ്ണൂറും കഴിഞ്ഞ വയസ്സന്മാർ പല്ലുകൊഴിഞ്ഞ അമ്മൂമ്മമാരെ കല്യാണം കഴിക്കുന്നത് ലൈംഗികാവേശം അടക്കാനാവില്ലല്ലോ. കമ്പാനിയൻഷിപ്പ് അഥവാ 'കൂട്ട്' ആണ് ദമ്പതികളെ അകറ്റാതിരിക്കുന്ന പ്രധാന ഘടകം എന്ന് പല മനശ്ശാസ്ത്ര വിദഗ്ദ്ധന്മാരും കരുതുന്നു.

ഇന്ത്യക്കാരുടെയിടയിൽ ഈ 'കൂട്ട്' പലപ്പോഴും അടിച്ചേല്പിച്ചതായിരിക്കുമല്ലോ. വ്യക്തിസ്വാതന്ത്ര്യത്തിന്റെ മെക്കയായ അമേരിക്കയിലെത്തുമ്പോൾ ഇന്ത്യൻ സ്ത്രീകളുടെ പെരുമാറ്റരീതിയിലും മാറ്റങ്ങളുണ്ടാവുക സ്വാഭാവികമാണ്. ആണുങ്ങളുടെ ചൊൽപ്പടിക്കു നില്ക്കുവാൻ പല പെണ്ണുങ്ങളും തയ്യാറാവുന്നില്ല. സ്വന്തമായൊരു ജോലിയെന്ന സാമ്പത്തികഭദ്രതയില്ലായെങ്കിൽ കൂടിയും പെണ്ണുങ്ങൾക്ക് ഭർത്താവിനെ വലിച്ചെറിയാവുന്നതേയുള്ളൂ. സർക്കാർ നല്കുന്ന വെൽഫെയർ പേയ്മെൻറ് മതിയാകും ജീവിച്ചുപോകുവാൻ.

ഇന്ത്യൻവംശജർ അധികമായി അമേരിക്കയിൽ കുടിയേറിപ്പാർത്തിട്ട് ഒരു തലമുറപോലും പിന്നിട്ടില്ല. വിവാഹമോചനങ്ങൾ ഇന്നിവിടെ സർവ്വസാധാരണമായിരിക്കുന്നു. ''ഇന്ത്യാ എ ബ്രോഡ്''? എന്ന ന്യൂയോർക്ക് വാരികയിലെ മാട്രിമോണിയൽ കോളംനോക്കിയാൽ വിവാഹമോചനം നേടി രണ്ടാംവിവാഹത്തിന് വരന്മാരെ ക്ഷണിക്കുന്ന മദ്ധ്യവയസ്കകളുടെ മാത്രമല്ല യുവതരുണികളുടേയും പരസ്യങ്ങൾ ആകും അധികവും. വിവാഹംതന്നെ നിർബ്ബന്ധം ഇല്ലായെന്നും ''ഒന്നടുത്തിടപെടാൻ'' ഒരാളെ വേണമെന്ന പരസ്യങ്ങൾപോലും ഭാരതീയ സ്ത്രീകൾ കൊടുക്കുവാൻ മടിക്കുന്നില്ല. പലരും ടെലഫോൺ നമ്പരുകൾപോലും പരസ്യങ്ങളിൽ ചേർക്കുന്നു.

പാശ്ചാത്യപൗരസ്ത്യസംസ്കാരങ്ങളുടെ ഏറ്റുമുട്ടലിൽ വിവാഹമെന്ന സമ്പ്രദായം ഞെരിഞ്ഞമരുമ്പോൾ പല ഇന്ത്യക്കാരുടേയും സമനില തെറ്റുന്നു. അനുസരിക്കാത്ത ഭാര്യയെ വെട്ടിനുറുക്കി റിഫ്രിജിറേറ്ററിൽവച്ചു സർദാർജിയും ഉറങ്ങിക്കിടന്ന ഭർത്താവിന്റെ തല കോടാലികൊണ്ട് വെട്ടിപ്പിളർന്ന ആന്ധ്രക്കാരിയും ഇവിടെ വാർത്തകൾ സൃഷ്ടിച്ചു. പകവീട്ടാനുള്ള ഇന്ത്യക്കാരുടെ അടവുകളും ഈയിടെയായി അമേരിക്കൻ രീതിയിലായിരിക്കുന്നു. ഏതു ജോലിക്കുമെന്നപോലെ കൊലപാതകം ചെയ്യുവാനും കൂലിക്കാളെയെടുക്കുക. മാഫിയ കൊടികുത്തി വാഴുന്ന ഈ നാട്ടിൽ കൊലപാതകത്തൊഴിലാളികളെ കിട്ടാൻ പഞ്ഞമുണ്ടാവില്ലല്ലോ?

ടെന്നസ്സീസംസ്ഥാനത്തിലെ നാഷ്‌വിൽ സംഗീത കേന്ദ്രമാണ്. അവിടെ ലക്ഷക്കണക്കിന് സമ്പാദിച്ചുകൊണ്ടിരുന്ന ആന്ധ്രക്കാരൻ ഡോക്ടർ മദാമ്മമാരുടെ കണ്ണിലുണ്ണിയുംകൂടെ ആയിത്തീർന്നു. അസൂയ മൂത്ത ഭാര്യ പലവിധത്തിലും പറഞ്ഞുനോക്കി. ദേഷ്യവും സങ്കടവും ഏറെയായപ്പോൾ ഭാര്യ മാഫിയായെ തിരക്കിത്തുടങ്ങി; ആയുസ്സിന് ദൈർഘ്യമുണ്ടായിരുന്ന ഭർത്താവ് കൊലപാതകികളുടെ കാറിന്റെ ഡിക്കിയിൽനിന്ന് ചാടി രക്ഷപ്പെട്ടു.

ന്യൂയോർക്കിലെ നല്ല പേരുള്ള ഹൃദ്രോഗവിദഗ്ദ്ധനാണ് ഡോക്ടർ വിജയ് സക്കുജ. ഡോക്ടറായ ഭാര്യയും അവരുടെ ബോസ്സായ ഡോക്ടറും തമ്മിൽ ലൈംഗികബന്ധം ഉണ്ടായിരുന്നതായി സക്കുജ സംശയിച്ചു. അതവരുടെ വിവാഹമോചനത്തിൽ കലാശിച്ചു. അതുകൊണ്ടും അരിശം തീരാഞ്ഞ സക്കുജ കൊലപാതകത്തൊഴിലാളിയെ തേടിപ്പോയി. മുൻഭാര്യയോടൊപ്പം അവരുടെ കാമുകനേയും അവർക്കു കൂട്ടുനിന്ന വേറൊരു സ്ത്രീയേയും വകവരുത്തുവാനുള്ള ദേഷ്യമാണ് സക്കുജയ്ക്കുണ്ടായിരുന്നത്. മൂന്നു കൊലയ്ക്കും കൂടി ഡിസ്കൗണ്ട്റേറ്റ് കിട്ടണമെന്ന് മാർവാർഡിയായ സക്കുജ കൊലത്തൊഴിലാളിയോടാവശ്യപ്പെട്ടതായി അറിയുന്നു. പക്ഷേ, സക്കുജ പൊലീസുവച്ച കെണിയിലാണ് വീണത്. കൊലകൾ നടന്നതുമില്ല, സക്കുജ ജയിലിലുമായി.